ഉത്തരം

(എ) ഇല്ല.

(ബി) & (സി) ബാധകമല്ല.

ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ, ചളവറ, ലക്കിടി-പേരൂർ എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ

238 [1187] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ, ചളവറ, ലക്കിടി-പേരൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് അനുമതി നൽകുമോ?

ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ, ചളവറ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലക്കിടി-പേരൂർ പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി അനുയോജ്യമായ കെട്ടിടം പഞ്ചായത്തധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശബരി സൂപ്പർ മാർക്കറ്റുകൾ

239 [1188] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര ശബരി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ശബരി സൂപ്പർ മാർക്കറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വിപണനസാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ കഴിയുന്നത്ര ശബരി സൂപ്പർ മാർക്കറ്റുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പോത്തൻകോടിൽ ഒരു ശബരി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ മംഗലപുരം പഞ്ചായത്തിൽ ശബരി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടന്നുവരുന്നു. .

താനൂർ നിയോജകമണ്ഡലത്തിലെ ശബരി സ്റ്റോറുകൾ

240 [1189] *ശ്രീ. പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളോടനുബന്ധിച്ച് ശബരി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി താനൂർ നിയോജകമണ്ഡലത്തിലെ എത്ര റേഷൻകടകളെ തെരഞ്ഞെടുത്തിട്ടുണ്ട്;

(ബി) ഇതുവരെ അനുവദിച്ച ശബരി സ്റ്റോറുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ ശബരി സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4 റേഷൻ കടകൾ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശബരി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന തല്പരരായ റേഷൻ വ്യാപാരികളുണ്ടെങ്കിൽ ആവശ്യമായ സ്ഥലങ്ങളിൽ ശബരി സ്റ്റോറുകൾ അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly